പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2156 — 17.06.2014 ലെ മറുപടിയ്ക്ക്

## കാരുണ്യ ലോട്ടറിയിലൂടെ ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കാരുണ്യ ബെനവലന്റ് സ്കീമിൽ നിന്നും ഏതെല്ലാം രോഗങ്ങൾക്ക് എത്രവീതം തുകയാണ് അനുവദിക്കുന്നതെന്നുള്ള വിവരം ലഭ്യമാക്കുമോ; | (എ) | കാരുണ്യ ബെനവലന്റ് സ്കീമിൽ ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയുടെ സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നത്. ഒരു കുടുംബത്തിന് രണ്ട് ലക്ഷം രൂപയാണ് പരമാവധി ചികിത്സാ ധനസഹായമായി നൽകുന്നത്. കൂടാതെ ഹീമോഫീലിയ രോഗികൾക്ക് അനുവദിച്ചിട്ടുള്ള 2 ലക്ഷം രൂപയുടെ പരിധി കഴിഞ്ഞാൽ ആവശ്യമുള്ള കേസ്സുകളിൽ ഒരു ലക്ഷം രൂപാകൂടി അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്. |
| (ബി) | ഈ പദ്ധതിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത് ; അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കേണ്ട രേഖകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) | കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം ധനസഹായത്തിനുള്ള അപേക്ഷ രോഗി സ്ഥിരം താമസമുള്ളതും റേഷൻകാർഡുള്ളതുമായ ജില്ലയിലെ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലാണ് സമർപ്പിക്കേണ്ടത്. |

റേഷൻകാർഡിന്റെ ശരിപകർപ്പ് (പേജ് 1, 2, 3, 22 പേജുകൾ), രോഗിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ, രോഗിയും കുടുംബാംഗങ്ങളും താമസിക്കുന്ന വീടിനു മുന്നിൽ നിന്നും വീടുകൂടി കാണാവുന്ന വിധം എടുത്തിട്ടുള്ള ഫോട്ടോ, ചികിത്സ നടത്തുന്ന ആശുപത്രിയിലെ ഡോക്ടറുടെ ചികിത്സാ ചെലവ് എസ്റ്റിമേറ്റ്, എന്നീ രേഖകളാണ് അപേക്ഷയോടൊപ്പം ഉൾകൊള്ളിക്കേണ്ടത്.

(സി) എ. പി. എൽ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് ഈ ആനുകൂല്യം ലഭ്യമാണോ ; വരുമാന പരിധി എത്രയാണെന്ന് അറിയിക്കുമോ ?

(സി) വാർഷിക വരുമാന പരിധി 3 ലക്ഷം രൂപയിൽ അധികരിക്കാത്ത എ.പി.എൽ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്കും കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുള്ള ആനുകൂല്യം ലഭ്യമാണ്.

സെക്ഷൻ ഓഫീസർ.